**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3190** **14-02-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യ ലഭ്യതയിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഓരോ വർഷം കഴിയുമ്പോഴും മത്സ്യലഭ്യതയിലുണ്ടാകുന്ന ഇടിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം, ചെറുമത്സ്യങ്ങളെ പിടിക്കൽ, അശാസ്ത്രീയ മത്സ്യബന്ധനം, ജലമലിനീകരണം , കണ്ടൽക്കാടുകളുടെ തിരോധാനം , കാലാവസ്ഥാ വ്യതിയാനം , ആഗോളതാപനം തുടങ്ങിയ നിരവധി കാരണങ്ങളാൽ മത്സ്യസമ്പത്തിന് ശോഷണം സംഭവിക്കുന്നു എന്ന് മനസിലാക്കാൻ സാധിച്ചിട്ടുണ്ട് . ഓഖി, പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങളും മത്സ്യസമ്പത്ത് കുറയുന്നതിന് ഒരു പരിധിവരെ കാരണമായി മാറിയിട്ടുണ്ട്. എന്നാൽ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം (കെ .എം .എഫ് .ആർ ആക്ട്) 2017- ൽ കാലോചിതമായി പരിഷ്ക്കരിക്കുകയും 2018- ൽ പുതിയ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ ചട്ടം (KMFR) നടപ്പാക്കുകയും ചെയ്യുക വഴി ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുകയും സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂഷൻ (CMFRI) യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ തീരക്കടലിൽ സുലഭമായ 58 ഇനം മൽസ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം (MLS) നിശ്ചയിച്ച് ശക്തമായി നടപ്പിലാക്കിയതിന്റെയും ഫലമായി കടൽ മത്സ്യസമ്പത്ത് 2018-19-ൽ 6.09 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചിരുന്നു. എന്നാൽ തുടർന്നുള്ള രണ്ടു വർഷങ്ങളിൽ കടൽ മത്സ്യ ലഭ്യത വീണ്ടും കുറയുകയുണ്ടായി. 2019-2020 ലും, 2020-2021 ലും മത്സ്യലഭ്യത കുറയാനുള്ള പ്രധാന കാരണം കോവിഡ് പ്രതിസന്ധി, കാലാവസ്ഥ മുന്നറിയിപ്പ് എന്നിവ മൂലം മത്സ്യബന്ധന ദിവസങ്ങൾ കുറഞ്ഞതാണ്. എന്നാൽ 2021-2022 ൽ കടൽ മത്സ്യലഭ്യത 6.01 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചു. 2022-2023 ൽ കടൽ മത്സ്യ ഉല്പാദനം 6.90 ലക്ഷം മെട്രിക് ടൺ ആയി വീണ്ടും വർദ്ധിച്ചിട്ടുണ്ട്. കഴിഞ്ഞ 10 വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ ഉൾനാടൻ മത്സ്യലഭ്യതയിൽ ഇടിവുണ്ടായിട്ടില്ല എന്ന് |

| | | | |
|---|---|---|---|
| | | | കാണുന്നു. നൂതനവും ശാസ്ത്രീയവുമായ മത്സ്യ കൃഷി രീതികൾ അവലംബിച്ചും വ്യത്യസ്തമായ മത്സ്യ ഇനങ്ങൾ കൃഷി ചെയ്യതിലൂടെയും ഉൾനാടൻ മത്സ്യ മേഖലയിൽ മത്സ്യബന്ധനത്തിൽ നിന്നും മത്സ്യകൃഷിയിൽ നിന്നുമുള്ള ആകെ ഉൽപ്പാദനം 2021-22 വർഷം 2.25 ലക്ഷം മെട്രിക് ടണ്ണിൽ നിന്നും 2022-23 വർഷം 2.29 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചിട്ടുണ്ട് . |
| (ബി) | എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും എന്തൊക്കെ നൂതനമായ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ; | (ബി) | കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും ഉതകുന്ന തരത്തിൽ മത്സ്യ വർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിയ്ക്കുന്നതിനു നടപടികൾ സ്വീകരിച്ചു വരുന്നു. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി ട്രോൾ നെറ്റുകളുടെ കോഡ് എൻഡിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കുകയും പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്റർ വരെ നീളമുള്ളതും, 250 എച്ച്.പി വരെ എൻജിൻ ക്ഷമതയുള്ളതുമായ യാനങ്ങൾക്കു മാത്രമായി തീരക്കടലിൽ (കരയിൽ നിന്നും 12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് പരിമിതപ്പെടുത്തി. പേഴ്സ് സീൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, പെയർ ട്രോൾ എന്നീ നശീകരണ മൽസ്യബന്ധന രീതികൾ കെ.എം.എഫ്.ആർ ആക്ട്, കെ.എം.എഫ്.ആർ റൂൾസ് എന്നിവയുടെ അടിസ്ഥാനത്തിൽ നിരോധിച്ചു. നിയമ ലംഘനങ്ങൾക്കു വർദ്ധിച്ച പിഴ ഏർപ്പെടുത്തി. സംസ്ഥാനത്തു പ്രവർത്തിക്കുന്ന ബോട്ട് ബിൽഡിംഗ് യാർഡുകൾക്കും, മൽസ്യബന്ധന വല നിർമാണ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ ഏർപ്പെടുത്തി. കൂടാതെ ട്രോൾബാൻ കാലയളവ് 47 ദിവസത്തിൽ നിന്നും 52 ദിവസമായി വർദ്ധിപ്പിച്ച് നടപ്പിലാക്കിവരുന്നു. കടലിൽ മത്സ്യ വർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിനും കൃത്രിമ ആവാസ വ്യവസ്ഥയായ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി ആരംഭിക്കുകയും തുടർന്നുവരുകയും ചെയ്യുന്നു. കടലിന്റെ അടിത്തട്ടിൽ ടൺ കണക്കിന് പ്ലാസ്റ്റിക് മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നതു മത്സ്യമേഖലയ്ക്ക് ഭീഷണിയാകുമെന്നു മനസ്സിലാക്കി ഫിഷറീസ് തുറമുഖ എഞ്ചിനീറിംഗ് വകുപ്പുകളുടെ നേതൃത്വത്തിൽ ബോട്ടുടമകൾ, മത്സ്യത്തൊഴിലാളികൾ, സാഫ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വ മിഷൻ, ക്ലീൻ കേരള മിഷൻ എന്നിവരുടെ സഹകരണത്തോടെ ശുചിത്വ സാഗരം പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നുണ്ട്. വിവിധ |

മത്സ്യ വർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിയ്ക്കുന്നതിനു കണ്ടൽക്കാടുകൾ വച്ച് പിടിപ്പിക്കുന്ന പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന സമുദ്ര മത്സ്യബന്ധന മേഖലയിൽ വിഭവ പരിപാലനവും നിരീക്ഷണവും സംരക്ഷണവും ഫലപ്രദമായി നടപ്പിലാക്കുന്നതിന് ത്രിതല മാനേജ്മന്റ് സംവിധാനമായ സംസ്ഥാന, ജില്ലാ, വില്ലേജ് ഫിഷറീസ് മാനേജ്മന്റ് കൗൺസിലുകൾ രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ മത്സ്യബന്ധന മേഖലയിൽ മത്സ്യത്തൊഴിലാളി പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പങ്കാളിത്ത മാനേജ്മെന്റ് സിസ്റ്റം (Participatory Management System) നിലവിൽ വന്നിട്ടുള്ള ആദ്യ സംസ്ഥാനമാണ് കേരളം. ഉത്തരവാദിത്വ മത്സ്യബന്ധനത്തെക്കുറിച്ചും മത്സ്യ സമ്പത്തിന്റെ സംരക്ഷണത്തെക്കുറിച്ചും സമുദ്ര മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവർക്കും തീരദേശവാസികൾക്കും ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിന് ഫിഷറീസ് വില്ലേജ് മാനേജ്മെന്റ് കൗൺസിലുകൾ പ്രധാന പങ്ക് വഹിക്കുന്നു.

മത്സ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഉൾനാടൻ മത്സ്യ സമ്പത്ത് വർധിപ്പിക്കുന്നതിനുമായി നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനാവിഷ്കൃത പദ്ധതിയായ ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി 71.2558 കോടി രൂപ അടങ്കൽ തുക വരുന്ന വിവിധ മത്സ്യകൃഷി പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും ആയത് നടപ്പിലാക്കി വരുകയും ചെയ്യുന്നു.

സംസ്ഥാനത്ത് പൊതു ജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തെരെഞ്ഞെടുക്കപ്പെട്ട 8 പൊതുജലാശയങ്ങളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനും ഈ ജലാശയങ്ങൾ ശാസ്ത്രീയമായി പരിപാലിക്കുന്നതിനുമായി 2022-23 വർഷം മുതൽ 3 വർഷം ദൈർഘ്യമുള്ള 1199 ലക്ഷം രൂപ അടങ്കൽ തുകയുടെ "ഉൾനാടൻ ജല ആവാസ വ്യവസ്ഥ സംയോജിത മത്സ്യ വിഭവ പരിപാലനം " എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ഭാഗമായി 280 ലക്ഷം മത്സ്യ , ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട് .

സംസ്ഥാനത്തെ 12 ജലസംഭരണികളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനായി പ്രതിവർഷം 200 ലക്ഷം രൂപയുടെ റിസർവോയർ

| | | | |
|---|---|---|---|
| | | | ഫിഷറീസ് പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതി പ്രകാരം ഈ വർഷം 79 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്. കൂടാതെ പൊതുകുളങ്ങളിലെ മത്സ്യകൃഷി പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 3575 കുളങ്ങളിലായി 54 ലക്ഷം തദ്ദേശീയ/കാർപ്പ് ഇനങ്ങളിലുള്ള മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്.<br><br>കരിമീൻ, വരാൽ മത്സ്യകുഞ്ഞുങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി പിന്നാമ്പുറങ്ങളിലെ കരിമീൻ, വരാൽ വിത്തുല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് മത്സ്യകർഷകർക്ക് ധനസഹായം നൽകി വരുന്നു. ഈ പദ്ധതി പ്രകാരം നടപ്പ് സാമ്പത്തിക വർഷം 350 പുതിയ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള 270 യൂണിറ്റുകൾക്ക് പ്രവർത്തന ചെലവിനുമായി 475 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് . പദ്ധതി നടപ്പിലാക്കി വരുന്നു. യൂണിറ്റുകളിൽ നിന്നും 35 ലക്ഷം മത്സ്യകുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ചിട്ടുണ്ട് . |
| (സി) | സംസ്ഥാനത്ത് ദൈനംദിനം ആവശ്യമായ മത്സ്യത്തിന്റെ അളവ് എത്രയാണെന്നും നിലവിലെ മത്സ്യലഭ്യതയുടെ അളവ് എത്രയാണെന്നും വിശദമാക്കുമോ; ഇതര സംസ്ഥാനങ്ങളിൽ നിന്നും ദൈനംദിനം കേരളത്തിലേക്ക് എത്തിക്കുന്ന മത്സ്യത്തിന്റെ അളവ് എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ; | (സി) | സംസ്ഥാനത്തിന്റെ അഭ്യന്തര ഉപയോഗത്തിനാവശ്യമായ മുഴവൻ മത്സ്യവും തദ്ദേശീയമായി ലഭിക്കുന്നില്ല. 2022-23 വർഷത്തിൽ സംസ്ഥാനത്തെ ആകെ മത്സ്യോത്പാദനം 9,20,523 മെട്രിക് ടൺ ആണ്. ഇതിൽ 21,86,29 മെട്രിക് ടൺ മത്സ്യം കയറ്റുമതി ചെയ്തു. ആയത് കിഴിച്ച് ആകെ ആഭ്യന്തര മത്സ്യ ലഭ്യത 7,01,894 മെട്രിക് ടൺ ആണ്. 2022-23 വർഷത്തിൽ സംസ്ഥാനത്തെ വാർഷിക ആളോഹരി മത്സ്യ ഉപഭോഗം 27.08 കിലോ ഗ്രാം ആണ്. ഇത് പ്രകാരം സംസ്ഥാനത്ത് നിലവിൽ ദൈനംദിനം ഏകദേശം 2521 ടൺ മത്സ്യമാണ് ആവശ്യമായി വരുന്നത്. എന്നാൽ സംസ്ഥാനത്തിന്റെ ശരാശരി ദൈനം ദിന മത്സ്യ ലഭ്യത 1923 ടൺ ആണ്. അതനുസരിച്ച് 2022-23 ൽ കേരളത്തിൽ 2,08,270 മെട്രിക് ടൺ മത്സ്യത്തിന്റെ കുറവുണ്ടായി. അത് ഇതര സംസ്ഥാനങ്ങളായ തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടകം എന്നിവിടങ്ങളിൽ നിന്നുമാണ് കേരളത്തിലേക്കെത്തുന്നത്. |
| (ഡി) | മത്സ്യ ലഭ്യതയിൽ എന്നത്തേക്ക് സ്വയംപര്യാപ്തത കൈവരിക്കുവാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്; വ്യക്തമാക്കുമോ? | (ഡി) | 2022-23 വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ കടൽ മത്സ്യോത്പാദനം ലഭിക്കാവുന്നതിന്റെ ഏകദേശം പാരമ്യതയിൽ എത്തിയിട്ടുള്ളതായി കാണാൻ കഴിയുന്നു. 2022-23 വർഷത്തിൽ തദ്ദേശീയമായി ലഭിച്ച മത്സ്യത്തിന് പുറമെ ഏകദേശം 2.18 ലക്ഷം മെട്രിക് ടൺ മത്സ്യം അധികമായി കേരളത്തിന് ആവശ്യമായി വന്നു. ഇത്രയും അധികം മത്സ്യം കൂടി കടൽ മേഖലയിൽ |

| | | | |
|---|---|---|---|
| | | | നിന്നും ലഭിക്കുന്നതിന് സാധ്യത വളരെ കുറവാണ്. ഈ അപര്യാപ്തത നികത്തുന്നതിനും മത്സ്യ ലഭ്യതയിൽ കേരളത്തിന് സ്വയം പര്യാപ്തത കൈവരിക്കുന്നതിനും നൂതനവും ശാസ്ത്രീയവുമായ മത്സ്യ കൃഷി രീതികൾ അവലംബിച്ചും വ്യത്യസ്തമായ മത്സ്യ ഇനങ്ങൾ കൃഷി ചെയ്തും പൊതു ജലാശയങ്ങൾ മത്സ്യ കൃഷിക്കായി ഉപയോഗപ്പെടുത്തിയും ഉൾനാടൻ മത്സ്യ മേഖലയിൽ മത്സ്യബന്ധനത്തിൽ നിന്നും മത്സ്യകൃഷിയിൽ നിന്നുമുള്ള ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനു സാധ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു . |

സെക്ഷൻ ഓഫീസർ